**QP CODE: S9030**

Enrollment number : ............................................

Name : ............................................

**BA DEGREE EXAMINATION,AUGUST 2023**

**Second Semester**

**B21ML01LC - മലയാളസാഹിത്യം : കവിത -കഥ -ഉപന്യാസം - നോവൽ**

**2022 ADMISSIONS**

**Time: 3 Hours**

**Max Marks: 70**

## Section A

**ഏതെങ്കിലും പത്തു ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം എഴുതുക. ഓരോ മാർക്ക് വീതം**

1. 'വെളിച്ചത്തിന്നോമനമകളേ' എന്നു് വിഷുക്കണിയിൽ വിശേഷിപ്പിക്കുന്നതു് ഏതു മാസത്തെ?
2. 'മാടവനപ്പറമ്പിലെ ചിത' ആരുടെ മരണത്തിൽ അനുശോചിച്ചു് വയലാർ എഴുതിയതാണു്?
3. "തൊട്ടുപോയ് കാറ്റെങ്കിലുണരുന്ന നിന്നെ ഞാൻ തൊട്ടെന്റെ കണ്ണിൽ വെയ്ക്കട്ടെ" ഏതു കവിതയിലെ വരികളാണിതു്?
4. വെയ്സ്റ്റ് ലാന്റിനു് 'തരിശുഭൂമി' എന്ന പരിഭാഷ തയ്യാറാക്കിയതു് ആരു്?
5. 'ജന്മദിനം' എന്ന കഥയിലെ കുട്ടികൾ വില്പനക്കായി കൊണ്ടുവന്നതെന്തു്?
6. 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിലെ പട്ടിയുടെ ഉടമസ്ഥന്റെ പേരെന്തു്?
7. 'മഴ' എന്ന സിനിമയ്ക്കു് ആധാരമായ മാധവിക്കുട്ടിയുടെ കഥ ഏതു്?
8. 'പ്രകാശം പരത്തുന്ന പെൺകുട്ടി' എന്ന കഥയുടെ രചിയിതാവു് ആരു്?
9. 'ദൽഹി 1981' എന്ന കഥയിൽ രാജീന്ദർ പാണ്ഡെ ജനലിലൂടെ താൻ കണ്ട കാഴ്ച ആരോടാണു് വിവരിക്കുന്നതു്?
10. മഹാഭാരതത്തെ ആസ്പദമാക്കി കുട്ടികൃഷ്ണമാരാർ രചിച്ച പ്രശസ്ത കൃതിയേതു്?
11. ജോസഫ് മുണ്ടശ്ശേരിയുടെ ആത്മകഥയുടെ പേരെന്തു്?
12. "ചരിത്രത്തിന്റെ നൈരാശ്യങ്ങളെ ചികിത്സിച്ചു ഭേദപ്പെടുത്തിയ വൈദ്യൻ" എന്നു് നാരായണഗുരുവിനെ വിശേഷിപ്പിച്ചതു് ആരു്?
13. സ്ഫോടവാദത്തിന്റെ ഉപജ്ഞാതാവു് ആരു്?
14. 'എ മൈനസ് ബി' എന്ന നോവലിൽ 'കിസ്ന കണയ്യ' എന്ന പാട്ടു് പാടുന്നതാരു്?
15. 'കൊച്ചരേത്തി' എന്ന നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്ന സമുദായം ഏതു്?

**(1x10=10)**

## Section B

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരം എഴുതുക. രണ്ട് മാർക്ക് വീതം**

16. "കാറ്റിനെ തരംപോലെ അയച്ചുവിട്ടേക്കണം അതിൽമാത്രം തണിയുന്ന പൊള്ളിച്ചകളുണ്ടു്." ആശയം വ്യക്തമാക്കുക.

17. ചെറുപ്പകാലത്തെ ഒളിയിടങ്ങളെക്കുറിച്ച് 'ആൽമറ' എന്ന കവിതയിലെ പരാമർശങ്ങളെന്തു്?
18. 'കൊച്ചരേത്തി' എന്ന ഗ്രന്ഥ നാമത്തിന്റെ പൊരുളെന്തു്?
19. "കാലമാണവിശ്രമം പായുമെന്നശ്വം സ്നേഹ ജ്വാലയാണെന്നിൽ കാണും ചൈതന്യം സനാതനം" ആശയം വിശദമാക്കുക.
20. തീപ്പെട്ടിക്കോലിനു വന്ന പയ്യന്റെ മുമ്പിൽ വെളിപ്പെട്ടതു് എഴുത്തുകാരന്റെ നിസ്സഹായതയാണു്--വിശദമാക്കുക.
21. "അതിനെന്താ, ഞാൻ സില്ക്കിന്റെ സാരി ഉടുക്കാലൊ. എന്റെ കല്യാണസാരി"--സന്ദർഭമെന്തു്?
22. "ആ നവാഗതൻ ഒരു രസംകൊല്ലി തന്നെ. അയാൾ എല്ലാം തകരാറിലാക്കുമെന്ന് പാണ്ഡേയ്ക്ക് തോന്നി."--കാരണമെന്തു്?
23. "അസത്യത്തിന്റെ ചേരിയിൽ നില്ക്കുന്ന ആൾ കലാകാരനല്ല."--മാരാർ ഇങ്ങനെ പറയുന്നതു് എന്തുകൊണ്ടു്?
24. മഹാഭാരതത്തിലെ ദുഷ്യന്തൻ ശകുന്തളയെ നിരസിക്കുന്നതിനു കാരണമെന്തു്?
25. കോവിലന്റെ പട്ടാള നോവലുകളെ പരിചയപ്പെടുത്തുക.

**(2x5=10)**

## Section C

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരം എഴുതുക. അഞ്ച് മാർക്ക് വീതം**

26. സേവാസിങ് എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.
27. കേരളീയതയുടെ ആഘോഷമാണു് 'കണിക്കൊന്ന' എന്ന കവിത--ചർച്ചചെയ്യുക.
28. പാശ്ചാത്യ സാഹിത്യം മാനവികതയെയും ജനാധിപത്യത്തെയും അഭിസംബോധന ചെയ്തെങ്കിലും അതു് വെള്ളക്കാരനായ പുരുഷന്റെ നിലപാടുകളോടു ചേർന്നു നില്ക്കുന്നു--വിശദമാക്കുക
29. മൂല്യസ്രഷ്ടാവായ ദാർശനികനും ആദർശമാനവികതയുടെ തത്വചിന്തകനുമായിരുന്നു ശ്രീനാരായണഗുരു--പാഠഭാഗങ്ങളെ ആസ്പദമാക്കി സമർത്ഥിക്കുക.
30. 'അളവുകൾ' എന്ന കഥയുടെ പ്രമേയ സവിശേഷതകൾ വിവരിക്കുക.
31. വാർദ്ധക്യത്തിലെ ഒറ്റപ്പെടൽ സൃഷ്ടിക്കുന്ന മനോവേദന തീവ്രമായി അവതരിപ്പിക്കുകയാണു് 'മകൻ' എന്ന കഥ--ചർച്ചചെയ്യുക.
32. അമ്പലമണി എന്ന കവിത മനുഷ്യ ജീവിതത്തെ ഓട്ടുമണിയോടു് സാദൃശ്യപ്പെടുത്തുന്നതിന്റെ യുക്തി പരിശോധിക്കുക.
33. "കള്ളനാക്കില്ലാത്ത കൊള്ളിവാക്കില്ലാത്ത കള്ളപ്പറയില്ലാത്ത നാടെവിടെ മക്കളേ?" നാടിനെക്കുറിച്ചുള്ള കവിസങ്കല്പം വ്യക്തമാക്കുക.
34. കോലാട് എന്ന കഥയെ ആധാരമാക്കി കഥാകൃത്തിന്റെ രചനാശൈലിയുടെ സവിശേഷതകൾ വിലയിരുത്തുക.
35. എവിടെപ്പോയൊളിച്ചെന്നാലും കണ്ടുപിടിക്കും ചാരക്കണ്ണിനു താഴെ ലോകം തീരെ ചറുതായ് തീരുന്നു. ആശയം വിശദമാക്കുക.
36. "മിക്കതും ദാരിദ്ര്യത്തെപ്പറ്റി പറയുന്ന കഥകളാണു്. എന്തിനാണു് അതൊക്കെ എഴുതുന്നതു്?" ജന്മദിനത്തിലെ ഈ സംഭാഷണശകലം മലയാള കഥയുടെ ചില സവിശേഷതകൾ സൂചിപ്പിക്കുന്നുണ്ടോ--സ്വമതം വ്യക്തമാക്കുക.
37. ആധുനികജീവിതത്തിനു സമാന്തരമായ ബദൽ ജീവിത സാദ്ധ്യതകളാണു് 'കൊച്ചരേത്തി'യുടെ രാഷ്ട്രീയം--ശരിയോ?

**(5x6=30)**

## Section D

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് രണ്ടു പുറത്തിൽ ഉത്തരം എഴുതുക. പത്ത് മാർക്ക് വീതം**

38. മലയാള കവിതയിലെ പാരിസ്ഥിതിക വിചാരങ്ങൾ പാഠഭാഗങ്ങളെ മുൻനിർത്തി ഉപന്യസിക്കുക
39. ' വെള്ളപ്പൊക്കത്തിൽ ' എന്ന കഥയിൽ അവതരിപ്പിക്കുന്ന ജീവലോകത്തിന്റെ വൈവിദ്ധ്യങ്ങളെ വിലയിരുത്തുക.
40. ദേശീയതയെ പ്രതിനിധീകരിക്കുമ്പോഴും പ്രാദേശിക തത്ത്വങ്ങളെയും വ്യക്തി സവിശേഷതകളെയും ഉയർത്തിപ്പിടിക്കുകയാണ് 'എ മൈനസ് ബി'യിലെ കഥാപാത്രങ്ങൾ--ചർച്ചചെയ്യുക.
41. കാളിദാസൻ കാലത്തിന്റെ ദാസനാണു് എന്നു് മുണ്ടശ്ശേരി സമർത്ഥിക്കുന്നതെങ്ങനെ?

**(10x2=20)**